വികലാംഗ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

16 [454] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള വികലാംഗ പെൻഷൻ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 110 രൂപ (പ്രതിമാസം).

(ബി) ഇക്കാര്യം പരിഗണിച്ചുവരുന്നു.

വികലാംഗർക്കുള്ള സംവരണാനുകൂല്യം

17 [455] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നിലവിലുള്ള സംവരണ ശതമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവരണം സർക്കാർ സർവ്വീസിലെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് നിലവിലുള്ളത്;

(സി) ഈ വികലാംഗ സംവരണം ക്ലാസ്സ് ഒന്ന്, ക്ലാസ്സ് രണ്ട് വിഭാഗങ്ങൾക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മൂന്ന് ശതമാനം.

(ബി) ക്ലാസ്സ് - 3, ക്ലാസ്സ് - 4 വിഭാഗങ്ങൾക്ക്.

(സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചുവരുന്നു.

വികലാംഗ വിദ്യാർത്ഥികൾക്ക് ധനസഹായം

18 [456] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ വികലാംഗ വിദ്യാർത്ഥികൾക്ക് സർക്കാർ എന്തെങ്കിലും ധനസഹായം നൽകിവരുന്നുണ്ടോ; എത്ര ശതമാനം വരെ

GPM. 2/573/2012—10

LIBRARY ARCHIVES Kerala Legislative Assembly

വികലാംഗത്വം ഉള്ളവർക്കാണ് ഈ സഹായം നൽകിവരുന്നത്; എത്ര രൂപയാണ് ഒരു കുട്ടിക്ക് പ്രതിവർഷം നൽകിവരുന്നത്; ഏതു ക്ലാസ്സിൽവരെയുള്ളവർക്കാണ് ഇത് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ റാന്നി സബ്ജില്ലയിലെ സ്കൂളുകളിൽ കഴിഞ്ഞ 3 വർഷമായി ഈ തുക വിതരണം ചെയ്തിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കുടിശ്ശികയുൾപ്പെടെ ഈ തുക വിതരണം ചെയ്യുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 40% വികലാംഗത്വം ഉള്ളവർക്കാണ് ഈ സഹായം നൽകിവരുന്നത്. ഇതുസംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വികലാംഗക്ഷേമത്തിന് മേഖലാ ക്യാമ്പുകൾ തുറക്കാൻ നടപടി

19 [457] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം പരിപാടികളാണ് വികലാംഗക്ഷേമ കോർപ്പറേഷൻ ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗർക്ക് സർട്ടിഫിക്കറ്റുകളും ഉപകരണങ്ങളും വിതരണം ചെയ്യാനുള്ള മേഖലാ ക്യാമ്പുകൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും, എന്നത്തേക്കാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ ക്യാമ്പിലും എത്ര പേർക്കാണ് സഹായം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ എ. ജെ. എസ്. സീനിയർ സെക്കണ്ടറി സ്കൂളിൽ വച്ച് 19-6-2005 രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണിവരെ വിവിധോദ്ദേശ്യ വികലാംഗ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

---

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം —IX

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (456)-ന്റെ ഉത്തരം ദയവായി കാണുക]

രണ്ട് തരത്തിലുള്ള സ്കോളർഷിപ്പാണ് നൽകി വരുന്നത്.

1. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
2. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള ധനസഹായം

1. *വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി:-*

ഒന്നു മുതൽ തുടർന്ന് ഏത് ക്ലാസ്സുവരേയും പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. വ്യത്യസ്ത നിരക്കിലാണ് തുക നൽകിവരുന്നത്.

(എ) സ്റ്റാന്റേർഡ് 1 മുതൽ 4 വരെ - പ്രതിമാസം 35 രൂപയും വാർഷിക അലവൻസ് 25 രൂപയും ആകെ ഒരു വർഷം 375 രൂപ.

(ബി) സ്റ്റാന്റേർഡ് 4 മുതൽ 8 വരെ - പ്രതിമാസം 45 രൂപ വാർഷിക അലവൻസ് 40 രൂപ ആകെ ഒരു വർഷം 490 രൂപ.

(സി) സ്റ്റാന്റേർഡ് 9 മുതൽ 12 വരെയും സമാനമായ മറ്റ് പരിശീലന കോഴ്സുകൾക്ക്

റെഗുലർ കോഴ്സിന്	85	X	10	=	850 രൂപ
ഹോസ്റ്റലൽ	140	X	10	=	1400 രൂപ

കൂടാതെ അന്ധ വിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപ നിരക്കിൽ റിസോഴ്സ് അലവൻസ്.

(ഡി) ഡിഗ്രി കോഴ്സും സമാനമായ മറ്റ് ഡിപ്ലോമ കോഴ്സുകൾക്കും

റെഗുലർ കോഴ്സിന്	125	X	10	=	1250 രൂപ
ഹോസ്റ്റലൽ	180	X	10	=	1800 രൂപ

(റിസോഴ്സ് അലവൻസ് പ്രതിമാസം 75 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

(ii) പോസ്റ്റ് ഗ്രാഡ്വേറ്റ്സ് ആൻറ് ഈക്വൽ കോഴ്സ്

റെഗുലർ കോഴ്സ്	170	X	10	=	1700 രൂപ
ഹോസ്റ്റലൽ	240	X	10	=	2400 രൂപ

(റിസോഴ്സ് അലവൻസ് പ്രതിമാസം 100 രൂപ)

ഇതുകൂടാതെ അസ്ഥി സംബന്ധമായി വൈകല്യമുള്ളവർക്ക് പ്രതിമാസം 25 രൂപ നിരക്കിൽ പ്രത്യേക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും, കൺവെയൻസ് അലവൻസായി പ്രതിമാസം 50 രൂപ നിരക്കിലും നൽകി വരുന്നു.

2 ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള ധനസഹായം

സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 75 രൂപ നിരക്കിൽ സ്കോളർഷിപ്പും, വസ്ത്രം, പാഠ്യോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് പ്രതി വർഷം 150 രൂപയും അനുവദിച്ചു നൽകുന്നു. (ആകെ ഒരു വർഷം 900 രൂപ.)

അനുബന്ധം —X

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 52 (514)-ന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	*ഐ. ടി. ഐ. യുടെ പേര്*	*നിലവിലുള്ള ട്രേഡ്*	*2005-2006-ൽ പുതുതായി ആരംഭിക്കുന്ന ട്രേഡ്*
(1)	(2)	(3)	(4)
1. ദീർഘകാല കോഴ്സുകൾ			
(1 വർഷം മുതൽ 2 വർഷം വരെ കാലാവധിയുള്ളവ)			
1.	കണ്ണൂർ	ഫൗണ്ട്രിമാൻ	മെക്കാനിക് മെക്കാട്രോണിക്സ്.
2.	കോഴിക്കോട്	എം.ആർ.ടി.വി.	മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
3.	മലപ്പുറം	ഹോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	ലിഫ്റ്റ് മെക്കാനിക് ഓപ്പറേറ്റർ

LIBRARY ARCHIVES Kerala Legislative Assembly.